**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6127** **09-07-2024 - ൽ മറുപടിയ്ക്ക്**

**കലാ-സാംസ്കാരിക, കായിക രംഗങ്ങളിൽ സഹകരണമേഖലയുടെ സംഭാവന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കലാ-സാംസ്കാരിക രംഗത്തും കായിക രംഗത്തും സഹകരണമേഖല നൽകിയിട്ടുള്ള സംഭാവനകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കലാ-സാംസ്കാരിക-കായിക രംഗത്ത് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ സഹകരണമേഖലയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.<br><br>സർക്കാരിന്റെ രണ്ടാം ഘട്ട നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സംഗീതം, നാടകം, പ്രകടനകലകൾ എന്നിവ അവതരിപ്പിക്കുന്ന സംസ്ഥാനമൊട്ടാകെയുള്ള കലാകാരൻമാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി കലാകാരൻമാർക്കായി കോട്ടയം ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായും Kerala State Artist & Artistes Co-Operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ 15.02.2022-ന് കലാകാരൻമാരുടെ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കോട്ടയത്ത് സാഹിത്യകാരൻമാർക്കായി രൂപീകരിച്ചിട്ടുള്ള സാഹിത്യപ്രവർത്തക സഹകരണ സംഘം ലി.നം. 2458-ന്റെ ആഭിമുഖ്യത്തിൽ സാംസ്കാരികമായ ഉന്നമനം ലക്ഷ്യമാക്കി കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അക്ഷരമ്യൂസിയം പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>സർക്കാരിന്റെ മൂന്നാംഘട്ട നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി 'കായികം സഹകരണം' സ്പോർട്സ് മേഖലയിൽ സഹകരണ സംഘം എന്ന പദ്ധതിയുടെ ഭാഗമായി കായിക മേഖലയിലെ വികസനത്തിനും ഉന്നമനത്തിനുമായി സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി കേരള സ്റ്റേറ്റ് സ്പോർട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |

| | | | |
|---|---|---|---|
| | | | ലിമിറ്റഡ് നമ്പർ 4512 തിരുവനന്തപുരം ആസ്ഥാനമാക്കി 24.11.2022-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് സാസ്കാരിക മ്യൂസിയം സ്ഥാപിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് സാഹിത്യ പ്രവർത്തക സഹകരണസംഘം ലി.നം. 2458-ന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കോട്ടയം ജില്ലയിലെ നാട്ടകത്ത് സാംസ്കാരിക മ്യൂസിയം സ്ഥാപിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. നാല്ല ഘട്ടങ്ങളിലായാണ് പദ്ധതി പൂർത്തിയാക്കുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് കേട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (സി) | ലൈബ്രറികളുടെ നവീകരണവുമായി ബന്ധപ്പെട്ട് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ ലൈബ്രറികളെ ശാക്തീകരണം ലക്ഷ്യമിട്ട് സഹകരണ മേഖലയിലെ നയങ്ങൾ, സാംസ്കാരിക മേഖലയിലെ നയങ്ങൾ, പുത്തൻ ആശയങ്ങൾ, ലഹരിക്കെതിരായ ബോധവൽക്കരണം, അന്ധവിശ്വാസങ്ങൾക്കെതിരായ ബോധവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ ജനകീയ കൂട്ടായ്മ ചേർന്ന് സാംസ്കാരിക പരിപാടികളും ചർച്ചകളും സംഘടിപ്പിച്ചിരുന്നു. ഇപ്രകാരം സംഘടിപ്പിക്കുന്ന ചർച്ചകളിൽ ഉരിത്തിരിഞ്ഞുവരുന്ന ആശയങ്ങൾ ഉൾപ്പെടുത്തി ലഭിച്ച വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളത്ത് നടന്ന സഹകരണ എക്സ്പോയിൽ ഒരു ലൈബ്രറി കോൺഗ്രസ് സംഘടിപ്പിച്ചു. എക്സ്പോ 2023-ലെ സാംസ്കാരിക സമ്മേളനത്തിൽ നൂറു സാംസ്കാരിക സദസ്സുകൾ, നൂറു സഹകരണ ഗ്രന്ഥാലയങ്ങളുടെ ഉദ്ഘാടനം 26.04.2023-ന് നടത്തുകയുണ്ടായി. ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ ലൈബ്രറികൾക്കായി പദ്ധതി രൂപരേഖ ലഭ്യമായിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് തുടർനടപടികൾ എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാരും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സഹകരണമേഖലയുടെ ചരിത്രം അടയാളപ്പെടുത്തുന്ന തരത്തിൽ ചരിത്ര ലേഖന പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തെ നാട്ടകത്ത് നിർമ്മാണം നടന്നുവരുന്ന പദ്ധതിയാണ് അക്ഷരമ്യൂസിയം. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സഹകരണ മേഖലയുടെ ചരിത്രം അടയാളപ്പെടുത്തുന്ന തരത്തിലുള്ള ചരിത്ര ലേഖന പദ്ധതി പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അക്ഷരമ്യൂസിയത്തിന്റെ നാലാമത്തെ ഗാലറി സഹകരണം, സാഹിത്യപ്രവർത്തക സഹകരണസംഘം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. രണ്ട് പാനൽ ബോർഡിലും രണ്ട് ഡിജിറ്റൽ ബോർഡിലുമായി സഹകരണ സംഘത്തിന്റെ വിശദമായ ചരിത്രം വിവരിക്കുന്നു. ഇവ അടയാളപ്പെടുത്തുന്നതിന് മുന്നോടിയായി സഹകരണ പ്രസ്ഥാനത്തെ പരിചയപ്പെടുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. സഹകരണപ്രസ്ഥാനം ലോകത്തിൽ, ഇന്ത്യയിൽ, കേരളത്തിൽ എന്ന ഡിജിറ്റൽ ബോർഡിന്റെ കൂടെ സഹകാരികൾ - ലോകം, ഇന്ത്യ, കേരളം, സഹകരണനിയമങ്ങളും ചട്ടങ്ങളും എന്നിവകൂടി ഉൾചേർക്കുന്നു. |
| (ഇ) | കായികമേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഇ) | കേരള സ്റ്റേറ്റ് സ്പോർട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512 സംഘത്തിന്റെ ആഭിമുഖ്യത്തിൽ റൈസിംഗ് സ്റ്റാർസ് എന്ന പദ്ധതിയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബി.ഒ.റ്റി അടിസ്ഥാനതലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയും, കേരള ഒളിമ്പിക്സ് അസോസിയേഷനുമായി സഹകരിച്ച് KOA മാഗസിൻ സ്പോർട്സ് എന്ന പ്രതിമാസ പ്രസിദ്ധീകരണവും പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഫ്രാഞ്ചൈസി ഷോപ്പുകൾ തുടങ്ങുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ